(ബി) ഈ പാലം പണിയുടെ ടെണ്ടർ 2000 ഫെബ്രുവരി 23-ാം തീയതിവരെ നീണ്ടുപോവുകയും പിന്നീട് മാർച്ച് മാസം 23-ാം തീയതിയിലേക്ക് നീട്ടിവയ്ക്കുകയും ചെയ്തതിന്റെ കാരണം വെളിപ്പെടുത്തുമോ ;

(സി) ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകിയ പ്രവൃത്തികൾക്ക് പി. ഡബ്ലിയു. ഡി. ഷെഡ്യൂൾ ഓഫ് റേറ്റ്സ് പരിഷ്ക്കരിക്കുന്നതുമൂലമുണ്ടാകുന്ന അധിക ബാധ്യതയ്ക്ക് വീണ്ടും ധനകാര്യവകുപ്പിന്റെ അനുമതി തേടണമെന്ന നിയമം ഭേദഗതി ചെയ്ത് വകുപ്പുതലത്തിൽ തന്നെ പുനർഭരണാനുമതി നൽകാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) പ്രസ്തുത പാലത്തിന് 1995-ൽ ഭരണാനുമതിയും 1996-ൽ പ്രത്യേകാനുമതിയും നൽകിയിട്ടുണ്ട് ; പ്രസ്തുത ഉത്തരവുകളുടെ പകർപ്പുകൾ ഇതോടൊപ്പം വെച്ചിട്ടുണ്ട്. *

(ബി) പ്രസ്തുത പാലത്തിന്റെ ഡിസൈന് അന്തിമ രൂപം നൽകിയതിനുശേഷം 1996-ലെ ഷെഡ്യൂൾ ഓഫ് റേറ്റ്സ് പ്രകാരം പുതുക്കിയ എസ്റ്റിമേറ്റ് തുക 633.50 ലക്ഷം രൂപ ആയതിനാൽ പുതുക്കിയ ഭരണാനുമതിയ്ക്കുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചു വരുന്നു. അതിനാലാണ് ടെൻഡർ 2000 മാർച്ചിലേയ്ക്ക് നീട്ടിവെച്ചത്.

(സി) പരിശോധിക്കുന്നതാണ്.

കോട്ടയം ജില്ലയിൽ പി. ഡബ്ലിയു. ഡി. ഏറ്റെടുത്ത റോഡുകൾ

186(3063) ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം ജില്ലയിലെ മഞ്ഞമറ്റം-കെഴുവൻകുളം റോഡ്, താന്നിയ്ക്കൽപടി-എരുത്തുപുഴ റോഡ്, കൂവപൊയ്ക-മുഴൂർ കരുമ്പാനി റോഡ്, കുറ്റിക്കൽ-കങ്ങഴറോഡ്, നെടുംകുഴി-കോത്തല റോഡ്, പറയൻകുന്ന്-വട്ടുകളം റോഡ് എന്നീ റോഡുകൾ പി.ഡബ്ലിയു.ഡി. എപ്പോൾ ഏറ്റെടുത്തു എന്നും എപ്പോഴാണ് ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകിയതെന്നും വ്യക്തമാക്കുമോ ;

(ബി) ഈ റോഡുകൾ ഓരോന്നും എത്ര പ്രാവശ്യം ടെണ്ടർ ചെയ്തു എന്നും എപ്പോഴൊക്കെയാണ് ടെണ്ടർ ചെയ്തത് എന്നും വ്യക്തമാക്കുമോ ;

(സി) ഈ റോഡുകളുടെ പുതുക്കിയ എസ്റ്റിമേറ്റ് തുക എത്ര വീതമാണെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ റോഡുകൾ എം. ഡി. ആർ. ആക്കുന്നതിന് കോട്ടയം ഡിവിഷനിൽ നിന്നും ശുപാർശ ചെയ്തിട്ടുണ്ടോ ;

(ഇ) ഈ റോഡുകൾ എം. ഡി. ആർ. ആക്കണമെന്നുള്ള നിവേദനം ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഉണ്ടെങ്കിൽ അനുഭാവപൂർവ്വം ഈ കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) പ്രസ്തുത റോഡുകൾ എല്ലാം 1-3-1996-ലാണ് പി. ഡബ്ലിയു. ഡി. ഏറ്റെടുത്തത്. ഈ റോഡുകൾക്കെല്ലാം 19-3-1996-ൽ ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകുകയും ചെയ്തു.

(ബി)

	റോഡിന്റെ പേര്		*ടെൻഡർ ചെയ്ത തീയതി*
1.	മാഞ്ഞമറ്റം കൊഴുവാകുളം റോഡ്	-	26-11-1998, 25-5-1999
2.	താന്നിക്കപ്പെട്ടി എറത്തുപ്പുഴ റോഡ്	-	30-10-1998, 19-1-1999
3.	കുവപ്പൊയ്ക മൂഴൂർ കരിമ്പാനി റോഡ്	-	3-10-1998, 19-11-1998 26-5-1999.
4.	കുറ്റിക്കൽ കങ്ങഴ റോഡ്	-	26-11-1998, 25-5-1999
5.	നെടുങ്കുഴി-കോത്തല റോഡ്	-	26-11-1998, 25-5-1999
6.	പറയർ കുന്ന് -വട്ടകുളം റോഡ്	-	4-1-1999

(സി)

1.	മാഞ്ഞമറ്റം- കൊടുവാകുളം റോഡ്	-	78 ലക്ഷം
2.	താന്നിക്കപ്പെട്ടി എറത്തുപ്പുഴ റോഡ്	-	1,20,56,790 രൂപ
3.	കുവപ്പൊയ്ക മൂഴൂർ കരിമ്പാനി റോഡ്	-	65 ലക്ഷം
4.	കുറ്റിക്കൽ കങ്ങഴ റോഡ്	-	44 ലക്ഷം
5.	നെടുങ്കുഴി-കോത്തല റോഡ്	-	46 ലക്ഷം
6.	പറയർ കുന്ന് -വട്ടകുളം റോഡ്	-	23.90 ലക്ഷം

(ഡി-എഫ്) ഉണ്ട്. പരിശോധിച്ചുവരുന്നു.

പൊതുമരാമത്ത് വകുപ്പിലെ ഡിപ്പാർട്ട്മെന്റ് വർക്കുകൾ

187 (3064) ശ്രീ. ടി. എം. ജേക്കബ് :

ശ്രീ. ജോണിനെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) പൊതുമരാമത്ത് വകുപ്പിൽ ഡിപ്പാർട്ട്മെന്റലായി ഇപ്പോൾ വർക്കുകൾ നടക്കുന്നുണ്ടോ ;

(ബി) 1999 ഏപ്രിൽ 1 മുതൽ 2000 ഫെബ്രുവരി 29 വരെ 10 ലക്ഷം രൂപയിൽ കൂടുതലുള്ള എത്ര വർക്കുകൾ ഡിപ്പാർട്ടുമെന്റലായി നടത്തിയിട്ടുണ്ട് ; അവ ഏതെല്ലാം ;

LIBRARY ARCHIVES Kerala Legislative Assembly